കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര വാർത്താ പത്രിക

പുസ്തകം 3 | ലക്കം 9 | ആഗസ്റ്റ് 15, 2018

അകത്താളുകളിൽ

2 കോൾപ്രദേശത്ത് മേഖലാടിസ്ഥാനത്തിലുള്ള കൃഷി സമ്പ്രദായം പുനഃസ്ഥാപിക്കും : കൃഷിമന്ത്രി

7 ആറാട്ടുപുഴ ബണ്ട് പുനർനിർമ്മാണം കൃഷി മന്ത്രിയുടെ നേതൃത്വത്തിൽ പൂർത്തിയായി

## നാളികേരത്തെ സമ്പദ്‌വ്യവസ്ഥയിൽ ഗണ്യമായ പങ്കു വഹിക്കുന്ന വിളയാക്കും : കൃഷിമന്ത്രി

സംസ്ഥാനത്ത് 'കോക്കനട്ട് മിഷൻ' രൂപീകരിച്ചതിന്റെ ഭാഗമായി പത്തു വർഷം നീണ്ടു നിൽക്കുന്ന സമഗ്ര വികസന പരിപാടികളാണ് മൂന്നു ഘട്ടങ്ങളിലായി ആസൂത്രണം ചെയ്തിട്ടുള്ളത്. ഹ്രസ്വകാല പദ്ധതികൾ, ഇടക്കാല പദ്ധതികൾ, ദീർഘകാല പദ്ധതികൾ തുടങ്ങി മൂന്നു ഘട്ടങ്ങളുള്ള പദ്ധതിയ്ക്ക് 1200 കോടി രൂപ വിവിധ സ്ഥാപനങ്ങളിലൂടെ പദ്ധതി നടത്തിപ്പിനായി വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നു. 2028 ആകുമ്പോഴേക്കും നമ്മുടെ സമ്പദ്‌വ്യവസ്ഥയിൽ ഗണ്യമായ പങ്കുവഹിക്കുന്ന വിളയാക്കി നാളികേരത്തെ മാറ്റുകയാണ് ഉദ്ദേശമെന്നും കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ സൂചിപ്പിച്ചു.

തിരുവനന്തപുരത്ത് ബാലരാമപുരത്തുള്ള തെങ്ങുഗവേഷണ കേന്ദ്രത്തിൽ പുതുതായി ആരംഭിച്ച വിജ്ഞാന-വ്യാപന വിപണന കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവഹിച്ചശേഷം ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കോവളം എം.എൽ.എ യും കാർഷിക സർവകലാശാല ജനറൽ കൗൺസിൽ അംഗവുമായ അഡ്വ. എം. വിൻസെന്റ് ചടങ്ങിന് അദ്ധ്യക്ഷം വഹിച്ചു.



കൃഷിവകുപ്പ്, കാർഷിക യൂണിവേഴ്സിറ്റി, നാളികേര വികസന കോർപ്പറേഷൻ, സി.പി.സി.ആർ.ഐ. എന്നിവയുടെ സംയുക്ത സഹകരണത്തോടെയാണ് കോക്കനട്ട് മിഷൻ പ്രവർത്തനമാരംഭിക്കുക. നാളികേരത്തിന്റെ വിസ്തൃതി നിലവിലെ 7.5 ലക്ഷം ഹെക്ടറിൽ നിന്നും 10 ലക്ഷം ഹെക്ടറിലേക്കും ഉത്പാദനക്ഷമത 7500 നാളികേരത്തിൽ നിന്നും 10000 ആക്കി ഉയർത്തുകയും ചെയ്യുകയുമാണ് ലക്ഷ്യം. ഡിസംബർ 6-10 വരെ കേന്ദ്രവിപണിയുമായി സംയോജിപ്പിച്ച് നടത്തുന്ന 'വൈഗ-2018'-ൽ ഒരു പ്രധാന വിഷയം നാളികേരാധിഷ്ഠിത മൂല്യവർദ്ധനവായിരിക്കും. സെപ്റ്റംബർ 7 മുതൽ 9 വരെ കൃഷിവകുപ്പ്, വ്യവസായ വകുപ്പ്, പ്ലാനിംഗ് ബോർഡ് എന്നിവയുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര നാളികേര ശില്പശാല കോഴിക്കോട് വച്ച് നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. എഴുപതോളം മൂല്യവർദ്ധിത ഉത്പന്നങ്ങൾ കേരളത്തിൽ നിന്നും സാധ്യമാണ്. ഈ രംഗത്തെ പല രാജ്യങ്ങളിൽ നിന്നുമുള്ള വിദഗ്ദ്ധർ ശില്പശാലയിൽ പങ്കാളികളാവുന്നതായിരിക്കുമെന്നും മന്ത്രി അറിയിച്ചു. ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ മുറിച്ചു മാറ്റി നാടൻ ഇനങ്ങൾ, കുറിയ ഇനങ്ങൾ എന്നിവ വച്ചുപിടിപ്പിക്കുന്നത് ശാസ്ത്രീയമായ അനുപാതത്തിലായിരിക്കുമെന്നും അദ്ദേഹം അറിയിച്ചു.

ദക്ഷിണമേഖലാ ഗവേഷണകേന്ദ്രം മേധാവി ഉമാമഹേശ്വരൻ ചടങ്ങിന് സ്വാഗതം പറഞ്ഞു. സർവകലാശാല ഗവേഷണ വിഭാഗം മേധാവി ഡോ. പി. ഇന്ദിരാദേവി മുഖ്യപ്രഭാഷണം നടത്തി. വിജ്ഞാന-വ്യാപന-വിപണനകേന്ദ്രത്തിന്റെ ലഘുലേഖാ പ്രകാശനം വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ. ജിജു. പി. അലക്സ് നിർവഹിക്കുകയുണ്ടായി. ചടങ്ങിൽ ഡോ. സി.സീമ, ഡോ. തോമസ് ജോർജ്ജ്, ഡോ. എൻ.വി. രാധാകൃഷ്ണൻ, കോട്ടുകാൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. റ്റി. സജി, വാർഡ് മെമ്പർ ശ്രീമതി എ.ഒ. സുജകുമാരി എന്നിവർ സംസാരിച്ചു.

# കോൾപ്രദേശത്ത് മേഖലാടിസ്ഥാനത്തിലുള്ള കൃഷി സമ്പ്രദായം പുന:സ്ഥാപിക്കും : കൃഷിമന്ത്രി

കോൾപ്രദേശത്ത് പണ്ടുകാലത്തുണ്ടായിരുന്നതു പോലെ മേഖലാടിസ്ഥാനത്തിലുള്ള കൃഷി സമ്പ്രദായം പുന:സ്ഥാപിക്കുമെന്നും തൃശൂർ പൊന്നാനി കോൾ പദ്ധതിയുടെ അടിസ്ഥാന വികസനത്തിനായി ഈ വർഷം 13 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും കൃഷിവകുപ്പ് മന്ത്രി ശ്രീ. വി.എസ്.സുനിൽകുമാർ പറഞ്ഞു. തൃശൂർ ജില്ലയിലെ കോൾപാടശേഖരങ്ങളിൽ ഈ വർഷം രണ്ട് വിള കൃഷി ചെയ്യുന്നതിനെക്കുറിച്ച് തീരുമാനിക്കുന്നതിനും അതിനാവശ്യമായ കർമ്മപദ്ധതികൾ തയ്യാറാക്കുന്നതിനുമായി സംഘടിപ്പിച്ച ഏകദിന ശില്പശാലയിൽ ആമുഖപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. തൃശൂർ ജില്ലയിലെ നെൽക്കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുവാൻ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ കാർഷിക സർവ്വകലാശാലയുമായി സഹകരിച്ചുകൊണ്ട് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനാണ് ശില്പശാല സംഘടിപ്പിച്ചത്. തരിശുനിലങ്ങൾ കൃഷിചെയ്യുന്നതിനും, നിലവിലുള്ള കൃഷിസ്ഥലങ്ങൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ കൃഷി ചെയ്യുന്നതിനും, ഒരുപ്പൂ കൃഷിയിടങ്ങൾ ഇരുപ്പൂ കൃഷിയും, മൂന്നാം കൃഷിയും ചെയ്യുന്നതിനായി തയ്യാറാക്കുക എന്നിങ്ങനെ നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുവാനുള്ള വിവിധ പദ്ധതികൾ മന്ത്രി നിർദ്ദേശിച്ചു. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ നെൽക്കൃഷി 1.96 ലക്ഷം ഹെക്ടറിൽ നിന്നും 2.20 ലക്ഷം ഹെക്ടറിലേക്ക് വ്യാപിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. 10000 ഏക്കർ വരുന്ന തൃശൂർ കോൾപാടശേഖരത്തിൽ ഇരുപ്പൂ കൃഷി തുടങ്ങുന്നതിന്റെ ഭാഗമായി കാർഷിക സർവ്വകലാശാല, കൃഷിവകുപ്പിന്റെ സഹകരണത്തോടെ തയ്യാറാക്കിയ ഓപ്പറേഷൻ കോൾ ഡബിൾ പദ്ധതി സമയബന്ധിതമായി സമർപ്പിക്കുവാൻ



സാധിച്ചതായും മന്ത്രി യോഗത്തെ അറിയിച്ചു. തുടർച്ചയായ രാസവള പ്രയോഗം കൊണ്ട് മണ്ണിന്റെ ഘടനയ്ക്ക് സംഭവിച്ചിരിക്കുന്ന വ്യതിയാനത്തെ അതിജീവിക്കുന്നതിനായി ജൈവകൃഷിരീതികൾ അവലംബിക്കണമെന്നും അതിനാവിഷ്കരിച്ചിട്ടുള്ള നല്ല കൃഷിരീതിയുടെ ഭാഗമായി തൃശ്ശൂർ - പൊന്നാനി മേഖലാ പദ്ധതി തയ്യാറാക്കുമെന്നും ജൈവകൃഷിരീതിയിലൂടെ ഉല്പാദനം വർദ്ധിപ്പിച്ച് കോൾ നിലങ്ങളുടെ ആരോഗ്യവും ജീവനും വീണ്ടെടുക്കണമെന്നും മന്ത്രി പറഞ്ഞു. നെല്ലിന് പുറമേ പയർ, പച്ചക്കറി എന്നിവയും കോൾനിലങ്ങളിൽ കൃഷിചെയ്യുമെന്ന് മന്ത്രി പറഞ്ഞു. ഇരുപ്പൂ കൃഷിയിലൂടെ കോൾമേഖലയിലെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്നതും സർക്കാർ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. അടുത്ത വർഷം മുതൽ ഹെക്ടറിന് 1000 രൂപ വീതം റോയൽറ്റി കൊടുക്കാനുദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

പെട്ടി, പറ സംവിധാനത്തിന് ബദലായി ഒരുക്കുന്ന 345 വി.എ.എഫ് പമ്പ്സെറ്റുകൾക്കായി 55 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി അഞ്ച് വർഷം കൊണ്ട് നടപ്പാക്കുമെന്ന് നബാർഡ് ജനറൽ മാനേജർ ശ്രീമതി ദീപ പിള്ള യോഗത്തെ അറിയിച്ചു.

താന്ന്യം കൃഷി ഓഫീസർ ഡോ. വിവൻസിയെ കോൾമേഖലാ ലെയ്സൺ ഓഫീസറായി നിയമിച്ചു. ജില്ലാ കളക്ടർ ശ്രീമതി ടി.വി.അനുപമ, കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ആർ. ചന്ദ്രബാബു, പ്രൊഫ. ഡോ. ലത, ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ജെന്നി ടീച്ചർ, കോൾ കർഷകസംഘം സെക്രട്ടറി ശ്രീ. എൻ.കെ.സുബ്രഹ്മണ്യൻ, വൈസ് പ്രസിഡന്റ് ശ്രീ. രാജേന്ദ്രബാബു, ജില്ലാ കൃഷി ഓഫീസർ ശ്രീമതി ജയശ്രീ, ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി ഷീലാ പ്രസാദ്, കെ.എസ്.ഇ.ബി. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ശ്രീ. പ്രസാദ് മാത്യൂ, ഇറിഗേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ഷീല തുടങ്ങിയവർ പങ്കെടുത്തു.

# പൈതൃകപ്പെരുമയോടെ പൂരാടാ വാണിഭം കാർഷികമേളയ്ക്ക് മാറ്റുകൂട്ടുന്നു



എടപ്പാളിൽ നടന്നുവരുന്ന സംസ്ഥാന കാർഷികമേളയ്ക്ക് പ്രദർശനക്കമ്മറ്റി ഒരുക്കിയ പൈതൃകവും പെരുമയും വിളിച്ചോതുന്ന പൂരാട വാണിഭത്തിന്റെ തനത് മാതൃക കാണികൾക്ക് പഴയകാല സ്മരണകൾ സമ്മാനിച്ച് മാറ്റുകൂട്ടുന്നു. നാല്പത് വർഷം മുമ്പുള്ള എടപ്പാൾ അങ്ങാടിയുടെ ഒരു പുനരാവിഷ്ക്കാരം തന്നെ നമുക്ക് ഇവിടെക്കാണാം. ചായ മക്കാനി, മൺപാത്ര വിൽപ്പന, ഓണം സമ്പന്നമാക്കാനുള്ള കാഴ്ച്ചക്കുലകളുടെ ശേഖരം, സൈക്കിൾ ഷോപ്പ്, ബലൂൺ, വള കച്ചവടം എന്നിവയെല്ലാം പഴയ കാല പ്രതാപത്തോടെ അരങ്ങുവാണു. അനുഗ്രഹീത കലാകാരനായ ശ്രീ എടപ്പാൾ ഉദയനും സംഘവും അഞ്ച് ദിവസത്തെ ശ്രമകരമായാണ് സെറ്റ് തയ്യാറാക്കിയത്. പ്രദർശന കമ്മറ്റി ചെയർമാൻ കൂടിയായ എടപ്പാൾ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി.പി ബിജോയ്, കൃഷിഡപ്യൂട്ടി ഡയറക്ടർമാരായ ശ്രീ. ജമാലുദ്ദീൻ, ശ്രീ. കൃഷ്ണദാസ്, കൃഷി അസിസ്റ്റന്റ് ഡയറക്ർ ശ്രീ. ചന്ദ്രൻ കോട്ടക്കുന്നേൽ, അസിസ്റ്റന്റ് കൃഷി ഓഫിസർ ശ്രീ. മണികണ്ഠൻ തുടങ്ങിയവർ നേതൃത്വം കൊടുത്തു.

പഴയമയുടെ പ്രൗഢി നിലനിർത്താൽ പഴയ കാല സിനിമാ നാടക പോസ്റ്ററുകൾ, അമ്പത് വർഷം പഴക്കമുള്ള സാമാവർ, നിരപ്പലകയിട്ട കടമുറികൾ എന്നിവയുൾപ്പെടുത്തി വളരെ സുക്ഷ്മതയോടെയാണ് സെറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇത് പഴയതലമുറയ്ക്ക് ഗൃഹാതുരത്വവും പുതുതലമുറയ്ക്ക് സെൽഫി കോർണറുമായി മാറുകയാണ്. പൊന്നാനി എടപ്പാൾ തിരുർ ചലിശ്ശേരി മേഖലയിലെ എറ്റവും പ്രധാനപ്പെട്ട ഓണവിപണിയായിട്ടാണ് പൂരാട വാണിഭത്തെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. യാത്ര സൗകര്യങ്ങളും വാഹനങ്ങളും ഇല്ലാതിരുന്ന കാലത്ത് കാൽനടയായി എടപ്പാളിലേക്ക് ജനങ്ങൾ എത്തുകയും നേന്ത്രകുലയടക്കമുള്ള ഓണത്തിന് ആവശ്യമായ വസ്തുക്കൾ വാങ്ങിച്ച് വലിയ കുട്ടകളിൽ തല ചുമടായി വീട്ടിലേക്ക് തിരിച്ചും എത്തിച്ചിരുന്നു. വലിയ വീട്ടിലെ കാരണവന്മാർ ചുമട്ട്കാരെക്കൂടി കൊണ്ടുവരുമായിരുന്നു. ഗുരുവായൂർ ഉൾപ്പെടെ പ്രശസ്തമായ ക്ഷേത്രങ്ങളിലേക്ക് വഴിപാട് സമർപ്പിക്കുന്നതിനുള്ള കാഴ്ച്ചകുലകളും പൂരാട വാണിഭത്തിൽ നിന്നാണ് ആളുകൾ വാങ്ങിച്ചിരുന്നത്. അതിനായി ചാലുശ്ശേരി കുന്നകുളം പ്രദേശത്ത് നിന്നുമുള്ള കർഷകർ പ്രത്യേക പരിചരണത്തോടെ വളർത്തിയ കാഴ്ച കുലകൾ ഇവിടെ വിപണനം ചെയ്തിരുന്നതായി പഴമക്കാർ പറയുന്നു. ലേലം വിളികളിലൂടെ മോഹവില നൽകിയാണ് ആളുകൾ കാഴ്ച്ചക്കുലകൾ വാങ്ങിച്ചിരുന്നത്. പഴയകാല ഓർമ നിലനിർത്തുന്നതിനായി ഗ്രാമപഞ്ചായത്തും കച്ചവടക്കാരും സഹകരിച്ചു കൊണ്ട് ഇന്നും പൂരാടാ വാണിഭം ആഘോഷിച്ചുവരുന്നു.




മലപ്പുറം അമരമ്പലം പഞ്ചായത്തിൽ പൂക്കോട്ടുപാടം ഗവ. ഹയർസെക്കന്ററി സ്കൂൾ ദേശീയ ഹരിതസേനയുടെ പച്ചക്കറികൃഷി കൃഷി വകുപ്പ് മന്ത്രി ശ്രീ. വി.എസ്. സുനിൽകുമാർ പച്ചക്കറിതൈ നട്ട് ഉദ്ഘാടനം ചെയ്യുന്നു.

# റബ്ബറധിഷ്ഠിത വ്യവസായ പാർക്ക് രൂപീകരിക്കും: കൃഷിമന്ത്രി



രാജ്യത്ത് ഇന്നുൽപ്പാദിപ്പിക്കപ്പെടുന്ന റബ്ബറിന്റെ 90 ശതമാനവും ഉൽപ്പാദിപ്പിക്കുന്ന കേരളത്തിൽ അതിനനുസൃതമായി റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ഇല്ല. ഇതിന് പരിഹാരമായി കേരളത്തിൽ സിയാൽ മാതൃകയിൽ റബ്ബറധിഷ്ഠിത വ്യവസായ പാർക്ക് ഈ സർക്കാരിന്റെ കാലത്ത് ആരംഭിക്കുമെന്ന് കൃഷിവകുപ്പ് മന്ത്രി ശ്രീ. വി.എസ്. സുനിൽ കുമാർ പറഞ്ഞു. നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് ആരംഭിച്ച കാർഷിക സമുച്ചയം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. കാർഷിക വിപണന കേന്ദ്രം, ആത്മ പരിശീലനകേന്ദ്രം, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, ഉൽപാദനോപാധികൾ വിപണനം നടത്തുന്നവർക്കായുള്ള പരിശീലന കേന്ദ്രം എന്നിവയാണ് കാർഷിക സമുച്ചയത്തിന്റെ ഭാഗമായി ഒരുക്കിയിരിക്കുന്നത്. നാടിന്റെ സുസ്ഥിര വികസനം കാർഷിക മുന്നേറ്റത്തിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂവെന്ന് മന്ത്രി പറഞ്ഞു. പച്ചക്കറി ഉൽപാദനം 10.75 ലക്ഷം ഹെക്ടറിലേക്ക് വർദ്ധിപ്പിക്കുവാനും പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാനും സാധിച്ചു. പുതുതലമുറയെ ആകർഷിക്കുന്ന തരത്തിൽ കാർഷിക മേഖലയിൽ മാറ്റങ്ങൾ കൊണ്ടുവരും. ഇതിനായി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കും. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിള നഷ്ടപരിഹാരത്തുക നൽകുന്ന സംസ്ഥാനമാണ് കേരളം. പ്രകൃതിക്ഷോഭം മൂലം വൻതോതിൽ കൃഷിനാശം കേരളത്തിലുണ്ടായിട്ടുണ്ട്. വിള ഇൻഷ്വറൻസിൽ അംഗമായ മുഴുവൻ കർഷകർക്കും പൂർണമായും നഷ്ടപരിഹാരത്തുക കിട്ടുമെന്നും എല്ലാ പഞ്ചായത്തുകളും സമ്പൂർണ വിള ഇൻഷ്വറൻസ് പഞ്ചായത്തുകളായി മാറണമെന്നും മന്ത്രി പറഞ്ഞു.

നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. മുകേഷ് മോഹൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വിവിധ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ത്രിതല പഞ്ചായത്തംഗങ്ങൾ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി സുജ ജോർജ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. പ്രിൻസ് മാത്യു, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കയർ അധിഷ്ഠിത വ്യവസായങ്ങൾക്ക് കാർഷിക മേഖലയിൽ അവസരങ്ങൾ സൃഷ്ടിക്കും: കൃഷി മന്ത്രി

സംസ്ഥാനത്ത് വളരെയധികം തൊഴിലാളികൾ ജീവനോപാധിയായി കാണുന്നതും എന്നാൽ കുറെ കാലങ്ങളായി ശോഭ മങ്ങി നിൽക്കുന്നതുമായ ഒരു മേഖലയാണ് കയർ അധിഷ്ഠിത വ്യവസായം. എന്നാൽ കാർഷിക മേഖലയിലെ സാധ്യതകൾ ഇതുവരെ പൂർണ്ണമായി പ്രയോജനപ്പെടുത്തിയിട്ടില്ലെന്നും കയർ പിത്ത് കമ്പോസ്റ്റ്, കയർ ഭൂവസ്ത്രം ഉൾപ്പെടെ നിരവധി വ്യവസായങ്ങൾ കയർ മേഖലയിൽ സാധ്യമാണെന്നും കൃഷി മന്ത്രി ശ്രീ. വി.എസ്. സുനിൽകുമാർ അഭിപ്രായപ്പെട്ടു. ജൈവകൃഷി – നൂതന സാധ്യതകൾ – കയർ പിത്ത് കംമ്പോസ്റ്റിംഗ് എന്ന വിഷയത്തിൽ നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, കുടപ്പനക്കുന്ന്, തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഏകദിന സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ധനകാര്യ കയർ വകുപ്പ് മന്ത്രി ഡോ. റ്റി. എം. തോമസ് ഐസക് ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു.

നാളികേര കൃഷിയെ ആശ്രയിച്ചാണ് കയർ വ്യവസായ മേഖല മുന്നോട്ടു പോകുന്നത്. നിലവിൽ പത്തുശതമാനത്തിനും താഴെ മാത്രമേ ഈ മേഖലയിൽ മൂല്യ വർദ്ധനവ് നടക്കുന്നുള്ളൂ. ഉത്പാദനത്തിൽ കേരളം മുൻപന്തിയിലാണെങ്കിലും ഉത്പാദനക്ഷമതയിൽ നാലാം സ്ഥാനമാണുള്ളത്. രോഗകീടാക്രമണം, തൊഴിലാളികളുടെ അഭാവം തുടങ്ങി ഒട്ടനവധി പ്രതിസന്ധികൾ നാളികേര മേഖലയിൽ നിലനിൽക്കുന്നുണ്ട്. നാളികേര മേഖലയിലെ സമഗ്ര വികസനം ലക്ഷ്യമിട്ടാണ് കോക്കനട്ട് മിഷൻ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ കീഴിൽ 10 വർഷം നീണ്ടു നിൽക്കുന്ന ദീർഘകാല പദ്ധതിയാണ് ഉദ്ദേശിക്കുന്നത്. 3 ഘട്ടങ്ങളിലായി ഇത്

# 10 സെന്റ് ഏലം കൃഷിക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും : കൃഷിമന്ത്രി



ഇന്ന് ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിള നഷ്ടപരിഹാരത്തുക നൽകുന്ന സംസ്ഥാനമാണ് കേരളം. സംസ്ഥാനം നടപ്പിലാക്കിയ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഒരു ഹെക്ടർ ഏലം കൃഷിക്കായിരുന്നു ഇൻഷ്വറൻസ് പരിരക്ഷ ലഭിച്ചിരുന്നത്. എന്നാൽ ഇനി മുതൽ 10 സെന്റിൽ ചെയ്യുന്ന ഏലം കൃഷിക്കും ആനുകൂല്യം ലഭിക്കുമെന്ന് കൃഷിമന്ത്രി വി.എസ്.സുനിൽകുമാർ പറഞ്ഞു. കാർഷിക സർവകലാശാലയുടെ കീഴിലുള്ള പാമ്പാടുംപാറ ഏലം ഗവേഷണ കേന്ദ്രം ഏലം കർഷർക്കായി സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. കേരളത്തിൽ ഏറ്റവും കൂടുതൽ രാസകീടനാശിനി ഉപയോഗിക്കുന്ന വിളകളിലൊന്ന് ഏലമാണ്. ഇതുമൂലം വിദേശ രാജ്യങ്ങളിൽ വൻ വിപണിമൂല്യമുണ്ടായിരുന്ന ഏലത്തിന് ഡിമാന്റില്ലാതായി. അമിതമായ രാസവളപ്രയോഗത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കും. കർഷകരെ ചൂഷണം ചെയ്യുന്ന രാസവളക്കമ്പനികളുടെ എജന്റുമാരെ നിരോധിക്കും. പുത്തൻ തലമുറകീടനാശിനികളെക്കുറിച്ചുള്ള ചർച്ചകൾ അവസാനിപ്പിക്കണമെന്നും മന്ത്രി പറഞ്ഞു. തുടർച്ചയായ രാസവളപ്രയോഗം മണ്ണിന്റെ ജൈവഘടനയിലും സൂഷ്മമൂലകങ്ങളുടെ ഘടനയിലും മാറ്റം വരുത്തിയിരിക്കുന്നു. കാർഷിക സർവകലാശാലയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ശാസ്ത്രീയ ജൈവകൃഷി രീതിയിലൂടെ കുറഞ്ഞ ചിലവിൽ കൂടുതൽ ഉൽപ്പാദനം നടത്തുവാൻ കഴിയണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു. സ്പൈസസ് ബോർഡ് പിൻമാറിയാലും സംസ്ഥാന സർക്കാർ കർഷകരെ സംരക്ഷിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഏലം ഗവേഷണ കേന്ദ്രത്തിന് കൂടുതൽ ജീവനക്കാരെ അനുവദിക്കുമെന്നും ഗവേഷണകേന്ദ്രത്തെ ഹൈറേഞ്ച് റീജിയണൽ സബ്സെന്ററാക്കി മാറ്റണമെന്ന നിർദ്ദേശത്തെക്കുറിച്ച് ഗൗരവമായി ആലോചിക്കുമെന്നും മന്ത്രി അറിയിച്ചു. കാർഷിക സർവ്വകലാശാല ഡയറക്ടർ ഓഫ് റിസർച്ച് ഡോ. പി. ഇന്ദിരാദേവി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പാമ്പാടുംപാറ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ആയിഷ അയൂബ്, ഗവേഷണ കേന്ദ്രം മേധാവി ശ്രീ. എം.മുരുകൻ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി സുജ ജോർജ്ജ് എന്നിവർ സംസാരിച്ചു. കാർഷിക സർവ്വകലാശാല അസിസ്റ്റന്റ് ഡയറക്ടർ ഓഫ് റിസർച്ച് ഡോ. ആശ ശങ്കർ സ്വാഗതവും ഫാം സൂപ്രണ്ട് ശ്രീ. എ.ആർ.വേണു നന്ദിയും പറഞ്ഞു. വിവിധ വിഷയങ്ങളിൽ നടന്ന സെമിനാറുകൾ ഡോ. അമ്പിളി പോൾ, ഡോ. എം.കെ.ധന്യ എന്നിവർ നയിച്ചു.

നടപ്പിലാക്കും. ഉത്പാദനം, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയിലെല്ലാം ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ടുള്ള പദ്ധതിയാകും ഇതെന്നും മന്ത്രി വ്യക്തമാക്കി.

ഈ വർഷം 79 സ്ഥലങ്ങളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നുണ്ട്. 250 ഹെക്ടർ വീതം വിസ്തീർണ്ണമുള്ള കേരഗ്രാമങ്ങളിൽ കയർ പിത്ത് കമ്പോസ്റ്റ് അടക്കമുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾക്ക് പ്രത്യേകം പദ്ധതി തന്നെ നടപ്പിലാക്കുമെന്നും കൃഷി മന്ത്രി സൂചിപ്പിച്ചു. പരമ്പരാഗത സംഭരണ ശൃംഖലകളുടെ തകർച്ചയാണ് കയർ മേഖലയിലെ പ്രതിസന്ധിയ്ക്ക് കാരണമായതെന്ന് അദ്ധ്യക്ഷപ്രസംഗത്തിൽ ഡോ.തോമസ് ഐസക്ക് ചൂണ്ടിക്കാട്ടി. വികേന്ദ്രീകൃത നാളികേരകൃഷി കേരകർഷകർ തമ്മിലുള്ള ബന്ധം കുറയുവാനിടയാക്കി. കയർ പിത്ത് കമ്പോസ്റ്റിഗിന് ഇപ്പോൾ വൻ സാധ്യതകളാണുള്ളതെന്നും ഇത് കാർഷിക മേഖലയിൽ പ്രത്യേകിച്ച് ജൈവകൃഷിയിൽ ഉപയോഗപ്പെടുത്തണമെന്നും മന്ത്രി സൂചിപ്പിച്ചു.

ചടങ്ങിൽ ഗവേഷണകേന്ദ്രം പുറത്തിറക്കിയ ട്രൈക്കോപിത്ത് എന്ന കമ്പോസ്റ്റ് ഉത്പന്നത്തിന്റെ പ്രകാശനം ധനകാര്യമന്ത്രി കൃഷി മന്ത്രിയ്ക്ക് നൽകികൊണ്ട് നിർവ്വഹിച്ചു. ട്രൈക്കോഡർമ എന്ന കുമിൾ ഉപയോഗിച്ചുള്ള കമ്പോസ്റ്റ് മിശ്രിതം മണ്ണിൽകൂടി ഫ്യൂസേറിയം, പിത്തിയം, ഫൈറ്റോഫ്ത്തോറ തുടങ്ങി അണുക്കൾ പരത്തുന്ന രോഗത്തിനെതിരെ ഫലപ്രദമാണ്.

NRCMI ഡയറക്ടർ ഡോ.അനിൽ കെ.ആർ ചടങ്ങിന് സ്വാഗതം പറഞ്ഞു. കയർ സെക്രട്ടറി ശ്രീമതി മിനി ആന്റണി ഐ. എ. എസ്. പദ്ധതി വിശദീകരണവും കാർഷികോത്പാദന കമ്മീഷണർ ശ്രീ. സുബ്രതാബിശ്വാസ് ഐ എ എസ് മുഖ്യപ്രഭാഷണവും നടത്തി. അഡ്വ.കെ.പ്രസാദ്, അഡ്വ.കെ.ആർ ഭഗീരഥൻ, അഡ്വ. എൻ. സായികുമാർ, ശ്രീ. കെ.ശ്രീധരൻ എന്നിവർ ചടങ്ങിൽ സംസാരിച്ചു. തുടർന്ന് നടന്ന സെമിനാറിൽ മേഖലയിലെ വിദഗ്ധർ വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സുകൾ എടുത്തു.



# കർഷകദിനം കൊടിയേറ്റ്

എടപ്പാൾ സംസ്ഥാന കർഷകദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന കാർഷിക പ്രദർശനത്തിന്റെ കൊടിയേറ്റ് പ്രശ്സ്ത ചിത്രകാരൻ ആർട്ടിസ്റ്റ് നമ്പൂതിരി നിർവ്വഹിച്ചു. പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കെ.ലക്ഷ്മി അദ്ധ്യക്ഷത വഹിച്ചു കർഷകർ ജനപ്രതിനിധികൾ കൃഷി വകുപ്പ് ജീവനക്കാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# മാനം തെളിഞ്ഞു കണ്ണിന് കുളിർമയായി കാർഷികമേള






എടപ്പാൾ സംസ്ഥാന കർഷക ദിനത്തോടനുബന്ധിച്ച് എടപ്പാൾ സഫാരി ഗ്രൗണ്ടിൽ സംഘടിപ്പിച്ച കാർഷിക മേള രണ്ട് ദിനം പിന്നിടുമ്പോൾ എടപ്പാളിന് നവ്യാനുഭവം പകരുകയാണ് കാർഷിക മേഖലയിലെ വിളപരിചയവും നവീന കൃഷിരീതികളും വിശദീകരിക്കുന്ന 150 ഓളം സ്റ്റാളുകൾ. ജില്ലയിലെ വിവിധ ബ്ലോക്കുകളിൽ നിന്നുമുള്ള കൃഷി വകുപ്പ് സ്റ്റാളുകൾ മലപ്പുറത്തിന്റെ തനത് കാർഷിക വിളകളുടെ പ്രാധാന്യം വ്യക്തമാക്കുന്നു. സ്റ്റാളുകളിലെ എടയൂർ മുളക്, തിരൂർ വെറ്റില, മഞ്ചേരി വാഴക്കുലകൾ, കാളികാവ് ബോക്കിന്റെ 60 കിലോ തൂക്കം വരുന്ന റോബസ്റ്റ 40 കിലോ തൂക്കം വരുന്ന സ്വർണമുഖി എന്നിവയും കൂടാതെ മൃഗസംരക്ഷണ വകുപ്പ്, ഫിഷറീസ് വകുപ്പിന്റെ വളർത്തു മത്സ്യങ്ങൾ, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രിയുടെ ഇടുക്കി തേൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രം, ആത്മയുടെ കോഴിക്കോട്, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ ജില്ലയിൽ നിന്നുള്ള തനത് വിഭവങ്ങളുടെ പ്രദർശനം, അട്ടപ്പാടി ചെറുധാന്യ ഉല്പന്നങ്ങളുടെ പ്രദർശനം, വിള ആരോഗ്യപരിപാലന കേന്ദ്രം, മലപ്പുറം കൃഷി വിജ്ഞാന കേന്ദ്രം, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്, കോഫി ബോർഡ്, സംസ്ഥാന ഫാമിംഗ് കോർപ്പറേഷൻ, സി.പി.സി.ആർ.ഐ കാസർഗോഡ്, സുഗന്ധവിള ഗവേഷണ കേന്ദ്രം കോഴിക്കോട്, അടയ്ക്ക സുഗന്ധവിള വികസന ഡയറക്ടറേറ്റ്, നാളികേര വികസന ബോർഡ്, വെജിറ്റബിൾ & ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം, അട്ടപ്പാടി കോ- ഓപ്പറേറ്റിവ് ഫാമിംഗ് സൊസൈറ്റിയുടെ ജൈവ ഉല്പന്നങ്ങളായ ഏലം, കുരുമുളക്, ഗ്രാമ്പൂ, കാപ്പി പൊടി, ചെറു ധാന്യങ്ങൾ കുടുംബശ്രീ സ്റ്റാളുകൾ, നാടൻ ഭക്ഷണങ്ങളുടെ കലവറയുമായി കഫേ കുടുംബശ്രീ. കേരള ജൈവകർഷക സമതിയുടെ ജൈവ കലവറ, അലങ്കാര ഇല ചെടികളുടെ കാർഷിക വിപണന സാധ്യതകൾ പരിചയപ്പെടുത്തുന്ന എടവണ്ണയിലെ പഫ്മാക് , ചക്കയുൽപ്പന്നങ്ങളുമായി ചക്ക വണ്ടി, കാർഷിക യന്ത്രങ്ങളുമായി റെയ്ഡ്കോ, കെയ്ക്കോ, മഹീന്ദ്ര ട്രാക്ടർ കമ്പനി എന്നിവ കൂടാതെ ചെറുകിട കർഷകരുടെ ഉല്പന്നങ്ങൾ കരകൗശല ഉല്പന്നങ്ങൾ എന്നിവയും മേളയ്ക്ക് മാറ്റുകൂട്ടുന്നു



തൃശൂർ ജില്ലയിലെ ആറാട്ടുപുഴ ബണ്ട് പുനർനിർമ്മാണത്തിനിടെ സൈനികർക്കും വിദഗ്ദ്ധ തൊഴിലാളികൾക്കുമൊപ്പം കൃഷി വകുപ്പുമന്ത്രി ശ്രീ. വി.എസ്. സുനിൽകുമാർ.

## കുരുമുളക് കൃഷിയുടെ നഷ്ടപ്രതാപം വീണ്ടെടുക്കാൻ ബഹുമുഖ സമീപനം ആവശ്യമാണെന്ന് കാർഷിക സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ.ആർ.ചന്ദ്രബാബു

കേരളത്തിലെ കുരുമുളക് കൃഷിയുടെ പുനരുജ്ജീവനത്തിനുള്ള രൂപരേഖ തയ്യാറാക്കാൻ വെള്ളാനിക്കരയിൽ സംഘടിപ്പിച്ച സംസ്ഥാനതല ശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ഡോ. ആർ. ചന്ദ്രബാബു. ഗവേഷണ ഫലങ്ങളും കർഷകരുടെ അനുഭവങ്ങളും തമ്മിലുള്ള വിടവ് നികത്തേണ്ടത് അനിവാര്യമാണെന്ന് വൈസ് ചാൻസലർ അഭാപ്രായപ്പെട്ടു. അന്താരാഷ്ട്ര വിപണിയിലും ആഭ്യന്തര വിപണിയിലും കുരുമുളകിന്റെ ആവശ്യമേറുമ്പോൾ ആഭ്യന്തര ഉൽപാദനം എൺപത്തയ്യായിരം ടണ്ണിൽ നിന്ന് ഇരുപതിനായിരം ടണ്ണായി കുറഞ്ഞത് വിചിത്രമാണ്. ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുക, ശാസ്ത്രീയ കൃഷി രീതികൾ പ്രചരിപ്പിക്കുക, ജൈവകൃഷിരീതികളും സമ്മിശ്രകൃഷി രീതികളും സമർത്ഥമായി ഉപയോഗിക്കുക, കുരുമുളക് കൃഷിക്ക് നയപരമായ പ്രോത്സാഹനം നല്കുക തുടങ്ങിയ നടപടികൾ അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. സുഗന്ധ വിള ഗവേഷണത്തിനുള്ള അഖിലേന്ത്യാ ഏകോപിത പദ്ധതികളിൽ ഏറ്റവും മികച്ചതായി തെരഞ്ഞെടുക്കപ്പെട്ട പന്നിയൂർ കേന്ദ്രത്തിലെ ശാസ്ത്രജ്ഞരെ ശില്പശാല ആദരിച്ചു.

ഗുണ മേന്മയേറിയ നടീൽ വസ്തുക്കളുടെ ദൗർലഭ്യം, കീട-രോഗ ബാധകളെക്കുറിച്ചുള്ള മുന്നറിയിപ്പും പ്രതിരോധ മാർഗങ്ങൾ സംബന്ധിച്ച് ശാസ്ത്രീയോപദേശങ്ങളുടെ അഭാവവും പ്രധാന പ്രശ്നങ്ങളാണെന്ന് കർഷക പ്രതിനിധികൾ ചൂണ്ടിക്കാട്ടി. ഉല്പാദന വർദ്ധനവിനൊപ്പം ഗുണനിലവാരവും ഉറപ്പുവരുത്തുക, മറുനാടുകളിൽ ആവശ്യമുള്ള ഉല്പന്നമുണ്ടാക്കി വിപണി പിടിച്ചുപറ്റുക, വീട്ടുവളപ്പുകളിലെ കുരുമുളക് കൃഷി പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ശുപാർശകൾ ശില്പശാല മുന്നോട്ട് വച്ചു.

വരൾച്ചാപ്രതിരോധമുള്ളതും തണൽ പ്രദേശങ്ങൾക്ക് യോജിച്ചതുമായ ഇനങ്ങൾ വികസിപ്പിക്കാനും മണ്ണിന്റെ പോഷണമുറപ്പാക്കാനുമുള്ള നടപടികൾ സ്വീകരിക്കാനും, സ്വീകരിക്കേണ്ട നടപടികളും ശുപാർശകളിൽ ഉൾപ്പെടുത്തുമെന്ന് ശില്പശാലക്കു നേതൃത്വം നൽകിയ ഗവേഷണ ഡയറക്ടർ ഡോ.പി. ഇന്ദിരാദേവി പറഞ്ഞു. ഉല്പാദനത്തിൽ ഇടിവു വന്നെങ്കിലും സംസ്ഥാനത്ത് കുരുമുളകിന്റെ ജനിതക സമ്പത്തും നമ്മുടെ പ്രധാന കയറ്റുമതി വിപണികളും ഭദ്രമാണെന്നതു ശുഭോദർക്കമാണെന്ന് അവർ ചൂണ്ടിക്കാട്ടി. കോഴിക്കോട്ടെ സുഗന്ധ വിള ഗവേഷണ കേന്ദ്രം ഡയറക്ടർ ഡോ.നിർമൽ ബാബു, അടയ്ക്കാ-സുഗന്ധവിള ഡയറക്ടറേറ്റ് മേധാവി ഡോ.ഹോമി ചെറിയാൻ, ആഗോള സുഗന്ധ വിള സംഘടനാ പ്രതിനിധി ശ്രീ. ഫിലിപ് കുരുവിള, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രതിനിധി ശ്രീ. സന്ദീപ് കുമാർ, കാർഷിക സർവകലാശാസ്ത്രജ്ഞരായ ഡോ.വി.എസ്.സുജാത, ഡോ.അനിൽ കുരുവിള, ഡോ.പി.ജയരാജ്, ഡോ.വി.പി.നീമ, ഡോ.പി.എം.അജിത് തുടങ്ങിയവർ സംസാരിച്ചു. ശില്പശാലാ നിർദ്ദേശ്ശങ്ങൾ സംസ്ഥാന സർക്കാരിനു സമർപ്പിക്കും.



# പാലുത്പ്പാദനത്തിൽ സ്വയംപര്യാപ്തമാകാൻ നമുക്ക് കഴിയും : മുഖ്യമന്ത്രി





കേരളത്തിലെ കാർഷിക രംഗത്ത് മുപ്പത് ശതമാനം വരുമാനം മൃഗസംരക്ഷണ മേഖലയിൽ നിന്നാണെന്നും പാലുത്പ്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുവാൻ കേരളത്തിന് കഴിയുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കുടപ്പനക്കുന്നിൽ ആരംഭിച്ച മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി ഉത്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടുകൂടി 7 കോടി രൂപ ചെലവിൽ നിർമ്മിച്ച ആശുപത്രി കേരള സംസ്ഥാനത്തെ ആദ്യ സംരംഭമാണെന്നും കന്നുകാലികൾക്ക് വേണ്ടി നടപ്പിലാക്കിയ ഇൻഷ്വറൻസ് പദ്ധതിയായ 'ഗോസമൃദ്ധി'യിലൂടെ 1 ലക്ഷം ക്ഷീര കർഷകർക്ക് പ്രയോജനം ലഭിക്കുന്നുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കന്നുകാലി ചികിത്സയുടെ ഭാഗമായുള്ള അനാവശ്യ ആന്റിബയോട്ടിക് പ്രയോഗം ആപത്കരമാണെന്നും ഇക്കാര്യത്തിൽ ക്ഷീര കർഷകരെ ബോധവത്കരിക്കാൻ വെറ്ററിനറി ഡോക്ടർമാർ ശ്രദ്ധിയ്ക്കണമെന്നും മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

സംസ്ഥാനത്ത് ആവശ്യമായ പാലിന്റെ എൺപത് ശതമാനം ഇവിടെ ഉത്പാദിപ്പിക്കുന്നുണ്ടെന്നും പാലിന്റെ ഗുണനിലവാരം ഉറപ്പു വരുത്തേണ്ടത് ആവശ്യമാണെന്നും ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച മൃഗസംരക്ഷണ-ക്ഷീരവികസനവകുപ്പ് മന്ത്രി അഡ്വ.കെ. രാജു പറഞ്ഞു. ചടങ്ങിൽ ദുരന്തനിവാരണ ധനസഹായ വിതരണം ഡെപ്യൂട്ടി സ്പീക്കർ വി. ശശി നിർവ്വഹിച്ചു. മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി ശ്രീ. അനിൽ.എക്സ്. ഐ.എ.എസ്., ഡയറക്ടർ ഡോ.എൻ.എൻ.ശശി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി.കെ. മധു, ഡെപ്യൂട്ടി സ്പീക്കർ ശ്രീമതി രാഖി രവികുമാർ, കൗൺസിലർ ശ്രീ. കൃഷ്ണൻകുട്ടി നായർ എന്നിവർ സംസാരിച്ചു.


| | | | |
|---|---|---|---|
| ചീഫ് എഡിറ്റർ | - ലാലി | അസി. എഡിറ്റർ | - വിഷ്ണു എസ്.പി. |
| എഡിറ്റർ | - ബി.കെ. അനിൽ | ഫോട്ടോ | - അരുൺ |
| അസോസിയേറ്റ് എഡിറ്റർ | - ഡോ. ടി.വി. രാജേന്ദ്രലാൽ | ഡി.റ്റി.പി. & ലേ ഔട്ട് | - ദീപക് മൗത്താട്ടിൽ |

ഫോൺ : 0471 2317314, 2314358, 2318186, e-mail : fibtvm@gmail.com , mediadivisionfib@gmail.com

Published by Lali , Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala; Editor: B.K. Anil.